പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2559 — 19.6.2013 ലെ മറുപടിയ്ക്ക്

## വിനോദ സഞ്ചാര വികസനത്തിന് സമിതി

| ചോദ്യം<br>ശ്രീ. എം.പി. വിൻസന്റ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. ഹൈബി ഈഡൻ | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|
| എ) വിനോദസഞ്ചാര വികസനത്തിന് മന്ത്രിസഭ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം;<br><br>സി) ഏതെല്ലാം പ്രവർത്തനങ്ങളാണ് സമിതിയുടെ പരിധിയിൽ പ്പെടുന്നത്; വിശദമാക്കുമോ; | എ, ബി & സി) ഉണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനും പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങളെ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും ടൂറിസം വകുപ്പ് കൂടുതൽ പ്രാധാന്യം നൽകിവരുന്നു. കേരളത്തിലെ ഭൂരിപക്ഷം വിനോദ സഞ്ചാര ആകർഷണങ്ങളും വനം, ജലസേചനം, വൈദ്യുതി, കൃഷി, തുറമുഖം, സാംസ്കാരികം തുടങ്ങിയ വകുപ്പുകളുടെ അധീനതയിലാണ്. ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം ത്വരിതപ്പെടുത്തുന്ന കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനങ്ങളും സഹകരണങ്ങളും ഏകോപിപ്പിക്കുന്നതിനായി മുഖ്യമന്ത്രി ചെയർമാനായും ടൂറിസം മന്ത്രി വൈസ് ചെയർമാനായും ധനകാര്യ റവന്യൂ വനം, റൂറൽ ഡെവലപ്മെന്റ്, പഞ്ചായത്ത്, ജലവിഭവം, പൊതുമരാമത്ത്, നഗരകാര്യവകുപ്പ് മന്ത്രിമാർ അംഗങ്ങളായുമുള്ള ഒരു ക്യാബിനറ്റ് കമ്മിറ്റിക്ക് രൂപം കൊടുത്തിട്ടുണ്ട്. ജലവിതരണ സംവിധാനം. സഞ്ചാര സൗകര്യം, തെരുവു വിളക്കുകൾ, മാലിന്യ സംസ്കരണം എന്നിവയാണ് ഇതുമായി ബന്ധപ്പെട്ട പ്രധാന പദ്ധതികൾ. |
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡി) കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ